## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6379** **31.10..2011-ൽ മറുപടിക്ക്.**

## മലയാള സിനിമ അന്തർദേശീയ തലത്തിൽ മികവുറ്റതാക്കാൻ നടപടി

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ

**മറുപടി**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ**
**(ബഹു:** വനവും സ്പോർട്സും സിനിമയും **വകുപ്പ് മന്ത്രി)**

(എ) മലയാള സിനിമയെ രക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(എ) മലയാള സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 26.09.2011-ന് ബഹുമാനപ്പെട്ട വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സിനിമാ മേഖലയിലെ പ്രമുഖ സംഘടനാപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം നടക്കുകയുണ്ടായി. ഈ യോഗത്തിൽ വെച്ച് വൈഡ് റീലിസിംഗിനായി കേരളമൊട്ടാകെയുള്ള തീയേറ്ററുകളെ മൂന്ന് മേഖലകളിലാക്കി തിരിച്ച് മൂന്ന് കമ്മിറ്റികൾ ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ സിനിമ ഒരു വ്യവസായം ആക്കുന്നതിനും സിനിമയെടുക്കുന്നതിനും, തീയേറ്റർ പണിയുന്നതിനും മറ്റും ലോൺ അനുവദിക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ചർച്ച വ്യവസായവകുപ്പുമായി നടന്നുവരുന്നു.

**(ബി)** അന്തർദേശീയ തലത്തിൽ മലയാള സിനിമ കൂടുതൽ മികവുറ്റതാക്കുവാൻ എന്തൊക്കെ കർമ്മപദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

**(ബി)** വിവിധ അന്തർദേശീയ ഫെസ്റ്റിവലുകളുടെ ക്യൂറേറ്റർമാർ കേരള ചലച്ചിത്ര അക്കാദമിയുമായി ബന്ധപ്പെട്ട് അതാത് കാലത്തെ സിനിമകൾ കാണുകയും അവ വിവിധ ഫെസ്റ്റിവലുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നുണ്ട്. വിദേശ പ്രതിനിധികൾക്കായി മലയാള സിനിമയുടെ അതാത് വർഷത്തെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുസ്തകം ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കാറുണ്ട്.

| | | | |
|---|---|---|---|
| (സി) | സിനിമാ ഷൂട്ടിംഗിനും മറ്റ് അനുബന്ധജോലികൾക്കും കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | **(സി)** | സിനിമാ ഷൂട്ടിങ്ങിനും മറ്റ് അനുബന്ധ ജോലികൾക്കും കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനായി കോർപ്പറേഷന്റെ കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വേണ്ടി ഡിജിറ്റൽ ഇന്റർ മീഡിയറ്റ് വർക്ക് സ്റ്റേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ സിനിമാ യൂണിറ്റ്, ഫിലിം സിറ്റി, തുടങ്ങിയ വികസന പരിപാടികൾക്ക് പദ്ധതിയുണ്ട്. കൂടാതെ ഒറ്റപ്പാലത്ത് ഒരു ഫിലിം സിറ്റി നിർമ്മിക്കുന്നതിന് ചർച്ച നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ